

▲ എടത്തല അൽ അമീൻ കോളേജിൽ 'ഷീ ഡ്രൈവ്' പദ്ധതി ആരംഭിച്ചപ്പോൾ

# അൽ അമീനിൽ 'ഷീ ഡ്രൈവ്' ആരംഭിച്ചു

**ആലുവ ▸** വിദ്യാർഥിനികൾക്ക് ഡ്രൈവിങ് പരിശീലനം നൽകി ലൈസൻസെടുത്ത് കൊടുക്കുന്ന 'ഷീ ഡ്രൈവ്' പദ്ധതി എടത്തല അൽ അമീൻ കോളേജിൽ ആരംഭിച്ചു. സഞ്ചാരിയായ ലെസ്‌ലി സഹജം അഗസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, പ്രൊഫ. എം.എച്ച്. ഷാനിബ, റെജി എന്നിവർ പങ്കെടുത്തു.

ഡിഗ്രി സർട്ടിഫിക്കറ്റിനൊപ്പം വിദ്യാർഥിനികൾക്ക് ഡ്രൈവിങ് ലൈസൻസ് കൂടി ലഭ്യമാക്കുന്നതാണ് പദ്ധതി. സൗജന്യ നിരക്കിലായിരിക്കും ഡ്രൈവിങ് പരിശീലനം നൽകുക.

09/03/2021 മാതൃഭൂമി



എടത്തല അൽഅമീൻ കോളജിൽ വനിതാ ദിനത്തിൽ ബിരുദ വിദ്യാർഥിനികൾക്കു ഡ്രൈവിങ് പരിശീലനം ആരംഭിച്ചപ്പോൾ.

# ഡ്രൈവിങ് പരിശീലനം തുടങ്ങി

എടത്തല അൽഅമീൻ കോളജിൽ പെൺകുട്ടികൾക്കു ബിരുദത്തോടൊപ്പം ഡ്രൈവിങ് ലൈസൻസും ലഭ്യമാകുന്ന പരിശീലന പദ്ധതിക്കു തുടക്കം കുറിച്ചു. ആദ്യ ഘട്ടത്തിൽ 200 പേരെയാണ് ഇതിനു സജ്ജമാക്കുന്നത്. പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, വനിത സെൽ. കൺവീനർ ഡോ. എം.എച്ച്. ഷാനിബ, ലെസ്‌ലി സഹജം അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

9/03/2021
മലയാള മനോരമ

# വിദ്യാർഥിനികൾക്ക് അൽ അമീനിന്റെ 'ഷീ ഡ്രൈവ്'

06/03/2021
(മാതൃഭൂമി)

**ആലുവ ▸** വിദ്യാർഥിനികൾക്ക് ഡ്രൈവിങ് പരിശീലനം നൽകി ലൈസൻസെടുത്ത് കൊടുക്കുന്ന 'ഷീ ഡ്രൈവ്' പദ്ധതിയുമായി എടത്തല അൽ അമീൻ കോളേജ്. ലോക വനിതാ ദിനമായ മാർച്ച് 8-ന് പദ്ധതി ആരംഭിക്കുമെന്ന് കോളേജ് മാനേജർ ഡോ. എം.ഐ. ജുനൈദ് റഹ്മാൻ പറഞ്ഞു.

ആദ്യഘട്ടമായി 200 വിദ്യാർഥിനികളെ ഡ്രൈവിങ് പരിശീലിപ്പിക്കും. പത്രസമ്മേളനത്തിൽ കോളേജ് മാനേജർ ഡോ. എം.ഐ. ജുനൈദ് റഹ്മാൻ, പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, പ്രൊഫ. എം.എച്ച്. ഷാനിബ, പ്രൊഫ. എ.പി. അബ്ദുൽ സലാം എന്നിവർ പങ്കെടുത്തു.

5/3/2021 Malayala Manorama

# അൽഅമീൻ കോളജിൽ 'ഷീ ഡ്രൈവ്' പദ്ധതി

ആലുവ● വനിത ദിനമായ 8ന് എടത്തല അൽഅമീൻ കോളജിൽ 'ഷീ ഡ്രൈവ്' പദ്ധതി ആരംഭിക്കും. ആദ്യ ഘട്ടത്തിൽ 200 വിദ്യാർഥിനികൾക്കു ഡ്രൈവിങ് പരിശീലനം നൽകും. ബിരുദ സർട്ടിഫിക്കറ്റിനൊപ്പം ഡ്രൈവിങ് ലൈസൻസ് കൂടി ലഭ്യമാക്കുകയാണു ലക്ഷ്യമെന്നു കോളജ് മാനേജർ ഡോ. ജുനൈദ് റഹ്മാൻ, പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ എന്നിവർ പറഞ്ഞു. കോളജിലെ വിമൻസ് ക്ലബ്ബാണ് ഇതിനു നേതൃത്വം നൽകുന്നത്.